## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.269** **26/02/2018-ൽ മറുപടിക്ക്**

### പുതിയ ഹോമിയോ ഡിസ്പെൻസറികൾ

**ചോദ്യം**

ശ്രീ.ടി.എ.അഹമ്മദ് കബീർ

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ അടുത്തിടെ ഇറക്കിയ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ആകെ 30 പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടോ; | (എ) | 13.07.2017-ലെ സ.ഉ.(കൈ) നം.21/2017/ആയുഷ് പ്രകാരം ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത 30 പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും പ്രസ്തുത ഉത്തരവിൽ തസ്തികകളൊന്നും അനുവദിക്കപ്പെട്ടിരുന്നില്ലാത്തതിനാൽ മതിയായ തസ്തികകൾ സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ധനവകുപ്പിന്റെ വിശദമായ പരിശോധനയ്ക്ക് കൂടി വിധേയമാക്കിക്കൊണ്ട് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് 27.07.2017-ലെ സ.ഉ (കൈ).നം.24/2017/ആയുഷ് നമ്പർ ഉത്തരവ് പ്രകാരം 13.07.2017-ലെ സ.ഉ.(കൈ) നം.21/2017/ആയുഷ് എന്ന നമ്പർ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് ധനകാര്യ വകുപ്പ് റദ്ദാക്കിയെന്ന പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇത്തരത്തിൽ ധനകാര്യ വകുപ്പ് പ്രസ്തുത പ്രപ്പോസൽ നിരാകരിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | ഉത്തരവ് പ്രകാരമുള്ള 30 ഹോമിയോ ആശുപത്രികളുടെയും പ്രവർത്തനം എന്ന് തുടങ്ങാൻ പറ്റും; വിശദീകരിക്കാമോ? | (ഡി) | സർക്കാർ/ എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി ഡിസ്പെൻസറികൾ ആരംഭിക്കുന്നതാണ്. ആദ്യ ഘട്ടമായി 10 ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ധനവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.